5-4-18

40/Corpn/18

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കോഴിക്കോട് കോർപ്പറേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ പകരം സംവിധാനം ഏർപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം. 862/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.03.2018

---

പരാമർശം:- 1 സ.ഉ.(സാധാ) നം.2878/2015/തസ്വഭവ തീയതി 22.09.2015.

2 കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 08.03.2018 ലെ പി1-5554/17 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിൽ ഇലക്ട്രിക്കൽ വിഭാഗമില്ലാത്തതിനാൽ ഇലക്ട്രിക്കൽ പ്രവർത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സാങ്കേതികാനുമതി നൽകുന്നതിനും പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തെയാണ് ആശ്രയിച്ചു വരുന്നത്. പ്രവർത്തി ബാഹുല്യം മൂലം എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് പ്രസ്തുത വിഭാഗത്തിൽ നിന്നും വലിയ കാലതാമസം നേരിടുന്നുണ്ടെന്നും ആയതിനാൽ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തുന്നതിനും സെന്റേജ് ചാർജ്ജ് നിർണ്ണയിച്ച് തരുന്നതിനും അനുമതി നൽകണമെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കാത്ത സാഹചര്യത്തിൽ, ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി തീരുമാനം പ്രകാരം പകരം സംവിധാനം ഏർപ്പെടുത്തി പരാമർശം(1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് സമാനമായി കോഴിക്കോട് കോർപ്പറേഷനിലും ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് കോ-ഓർഡിനേഷൻ സമിതിയുടെ സാധൂകരണത്തിന് വിധേയമായി ഒരു പ്രത്യേക കേസ്സായി കണക്കാക്കി ചുവടെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

I. കോർപ്പറേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും കോഴിക്കോട് ഗവ.എഞ്ചിനീയറിംഗ് ഇലക്ട്രിക്കൽ വിഭാഗം മേധാവിയെ ചുമതലപ്പെടുത്തുന്നു.

II. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3 ശതമാനത്തിൽ കവിയാത്ത തുക പ്രതിഫലമായി നൽകാവുന്നതാണ്.

III. പ്രവൃത്തികളുടെ സാങ്കേതികാനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള പി.ഡബ്ല്യൂ.ഡി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്.

IV. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്.

V. പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവർക്ക് എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക ഓണറേറിയമായി നൽകേണ്ടതുമാണ്.

VI. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്നും ഒരു " ടേംസ് ഓഫ് റഫറൻസ് "(TOR) നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടി. കെ. ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1 മേയർ, കോഴിക്കോട് കോർപ്പറേഷൻ
2 സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
3 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5 അക്കൗണ്ടന്റ് ജനറൽ (*എ & ഇ/ഓഡിറ്റ്*) കേരള, തിരുവനന്തപുരം/തൃശ്ശൂർ
6 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
7 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8 ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
9 തദ്ദേശസ്വയം ഭരണ(ഡി.എ) വകുപ്പ്
10 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.